# ഭക്ഷണരീതിയിലെ മാറ്റം ആദിവാസികളെ രോഗികളാക്കുന്നു

സി. ഡി. സുനീഷ്

പുൽപ്പള്ളി: ഭക്ഷണരീതിയിലെ മാറ്റം ആദിവാസികളെ രോഗികളാക്കുന്നതായി വിലയിരുത്തൽ. പുതിയ ഭക്ഷണരീതികളും നഗരസ്വഭാവങ്ങളും ജീവിതരീതിയാക്കിയതോടെ ആശുപത്രികളിൽ ആദിവാസികൾ കൂടിവരുന്നതായാണ് സൂചനകൾ.

പുൽപ്പള്ളി കബനിഗിരി സ്കൂളിലെ അരുൺ, കൃഷ്ണൻ, ആൻബിൻ മാത്യു, ജിജോ മാത്യു, അബിൻ തങ്കച്ചൻ എന്നീ വിദ്യാർത്ഥികൾ നടത്തിയ പഠനമാണ് ഇതു സംബന്ധിച്ച സൂചനകൾ നൽകുന്നത്. ആദിവാസികൾ ആയുർദൈർഘ്യം കൂടുന്നതിനും നരയും മറ്റു രോഗങ്ങളും കുറഞ്ഞിരിക്കുന്നതിനും കാരണങ്ങൾ തേടിയപ്പോഴാണ് ആദിവാസികളുടെ ഭക്ഷണരീതികളും ആരോഗ്യജീവിതവും തമ്മിലുള്ള ബന്ധം വെളിപ്പെട്ടത്.



നാര, നൂറ, കൊറണ, കവച തുടങ്ങി 17 ഇനം കാട്ടുകിഴങ്ങുകൾ ആദിവാസികൾ മുൻകാലങ്ങളിൽ ഭക്ഷിച്ചിരുന്നതായി കുട്ടികൾ കണ്ടെത്തി. ഈ കിഴങ്ങുകൾ നാര് കൂടുതൽ അടങ്ങിയിട്ടുള്ളതാണ്. പോഷകമൂല്യമുള്ള ഈ കാട്ടുകിഴങ്ങുകളെക്കുറിച്ചുള്ള അറിവുകളും ഉപയോഗവും പുതിയ തലമുറയ്ക്ക് ആന്യമാണെന്നാണ് കണ്ടെത്തൽ.

ഒരു സംസ്കാരത്തിന്റെ മരണം ഒരു ഗോത്രപാരമ്പര്യത്തെ എങ്ങനെയാണ് തകർത്തതെന്നതിലേക്ക് കുട്ടികളുടെ ഈ പഠനം വിരൽച്ചൂണ്ടുന്നു. ഈ വർഷത്തെ ബാലശാസ്ത്രകോൺഗ്രസ്സിലേക്ക് ഈ പഠനം തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.